പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3765 15.03.2017 – ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. ഹൈബി ഈഡൻ
ശ്രീ. കെ.സി.ജോസഫ്
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ എം.വിൻസെന്റ്

ഡോ.തോമസ് ഐസക്
ബഹു. ധനകാര്യ മന്ത്രി

താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി

| | | |
|---|---|---|
| (എ) | ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് ധന കാര്യ വകുപ്പ് നോഡൽ ഏജൻസിയായി കടാ ശ്വാസ പദ്ധതി രൂപീ കരിച്ചിട്ടുണ്ടോ; വിശദമാ ക്കാമോ; | 20.08.2016ലെ സ.ഉ.(പി)നം.118/2016/ധന പ്രകാരം ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി, ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങ ളാണ് ഇതുവഴി കൈവ രിക്കാൻ ഉദ്ദേശിച്ചിരു ന്നത്; വിവരിക്കുമോ; | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കുന്ന കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകുടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.<br>അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്.<br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന |

<table>
<tr>
<td></td>
<td></td>
<td>വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.</td>
</tr>
<tr>
<td>(സി)</td>
<td>ഈ പദ്ധതിയുടെ ആനുകൂല്യം 2017 ജനുവരി 31 വരെ എത്രകുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;</td>
<td>ഈ പദ്ധതി പ്രകാരം 1022 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>271</td></tr>
<tr><td>കൊല്ലം</td><td>106</td></tr>
<tr><td>പത്തനംതിട്ട</td><td>27</td></tr>
<tr><td>ആലപ്പുഴ</td><td>90</td></tr>
<tr><td>കോട്ടയം</td><td>56</td></tr>
<tr><td>ഇടുക്കി</td><td>19</td></tr>
<tr><td>എറണാകുളം</td><td>26</td></tr>
<tr><td>തൃശ്ശൂർ</td><td>37</td></tr>
<tr><td>പാലക്കാട്</td><td>39</td></tr>
<tr><td>മലപ്പുറം</td><td>23</td></tr>
<tr><td>കോഴിക്കോട്</td><td>216</td></tr>
<tr><td>വയനാട്</td><td>56</td></tr>
<tr><td>കണ്ണൂർ</td><td>35</td></tr>
<tr><td>കാസർഗോഡ്</td><td>21</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഏതൊക്കെ വായ്പകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്; വിവരിക്കുമോ;</td>
<td>പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവയാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നത്.<br>
• സ്വർണ ഈടിന്മേലുള്ള വായ്പകൾ<br>
• സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ<br>
• വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ<br>
• അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ<br>
• ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്